بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 11.03.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ – 13

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ۝ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ۝

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ۝ اَلرَّحْمٰنِ الرَّحِیْمِ ۝ مٰلِکِ یَوْمِ الدِّیْنِ ۝ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ۝ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ۝ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ۝

ഖലീഫയായതിനുശേഷം ഹദ്റത്ത് അബൂബക്കർ(റ)നു അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങളെപറ്റിയാണ് പറഞ്ഞുവന്നിരുന്നത്. തിരുനബി(സ)യുടെ മരണത്തെക്കുറിച്ചുള്ള ദുഃഖമായിരുന്നു ഈ പ്രയാസങ്ങളിൽ ആദ്യത്തേത്. സ്വഹാബികൾക്ക് സങ്കടംകൊണ്ട് ഭ്രാന്തുപിടിക്കുന്ന തരത്തിലുള്ള ദുർബലവും ഭയാനകവുമായ ആദ്യഘട്ടമായിരുന്നു ഇത്. ഹദ്റത്ത് ഉമർ(റ) വാളുമായി എഴുന്നേറ്റു നിന്ന് പറഞ്ഞു: തിരുനബി(സ) മരിച്ചുവെന്ന് ആരെങ്കിലും പറഞ്ഞാൽ ഞാൻ അവന്റെ ശിരസ്സ് ഉടലിൽനിന്നും വേർപ്പെടുത്തുന്നതാണ്. ആ സമയത്ത് അബൂബക്കർ(റ) പറഞ്ഞു: മുഹമ്മദ്(സ)നെ ആരാധിച്ചിരുന്നവൻ മുഹമ്മദ്(സ) മരിച്ചുവെന്ന് കേട്ടു കൊള്ളുക, അല്ലാഹുവിനെ സ്നേഹിക്കുന്നവൻ സന്തോഷിക്കട്ടെ; അല്ലാഹു ജീവിച്ചിരിക്കുന്നവനും ഒരിക്കലും മരിക്കാത്തവനുമാകുന്നു. തിരുനബി(സ)യോട് അതിരറ്റ സ്നേഹം ഉണ്ടായിരുന്നിട്ടും (ആ അവസരത്തിൽ) അദ്ദേഹം തൗഹീദിന്റെ പാഠമാണ് നൽകിയത്. വളരെ ധൈര്യത്തോടെയും യുക്തിയോടെയും അദ്ദേഹം സ്വഹാബികൾക്ക് താങ്ങായി നിലകൊണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മുഹമ്മദ് നബി(സ)യുടെ ജീവിതത്തെക്കുറിച്ച് ചില സ്വഹാബികളുടെ മനസ്സിൽ രൂപപ്പെട്ട ചിന്താഗതികളെയെല്ലാം ഒരു പൊതുയോഗത്തിൽ ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് (ഹദ്റത്ത് അബൂബക്കർ(റ)) അകറ്റുകയുണ്ടായി.

ഖിലാഫത്ത് തെരഞ്ഞെടുപ്പുവേളയിൽ മുസ്‌ലിം ഉമ്മത്തിനെ ഐക്യത്തിന്റെ ഒരേ ചരടിൽ കോർത്തുവെന്നതാണ് അവിടുന്ന് ചെയ്ത രണ്ടാമത്തെ മഹത്തായ കർമം. നബി(സ)യുടെ വിയോഗത്തെത്തുടർന്നുണ്ടായ രണ്ടാമത്തെ പ്രശ്നം, സഖീഫ ബനൂ സാഅദയിൽ ചേർന്ന അൻസ്വാറുകളുടെ സംഗമമാണ്. മുഹാജിറുകളിൽ നിന്നുമുള്ള ഖലീഫയെ അംഗീകരിക്കാൻ അൻസ്വാറുകൾ ഒരു വിധേനയും തയ്യാറായിരുന്നില്ല. ഈ നിർണായകമായ അവസരത്തിൽ അനൈക്യവും ഭിന്നിപ്പും ഐക്യത്തിലേക്കും സ്നേഹത്തിലേക്കും മാറ്റാനുള്ള സ്വാധീനം അബൂബക്കർ(റ)ന്റെ നാവിന് അല്ലാഹു നൽകി.

ഹദ്റത്ത് അബൂബക്കർ(റ) ഉടനടി കൈകാര്യം ചെയ്ത മൂന്നാമത്തെ പ്രധാന പ്രശ്നം, ഉസാമ(റ)യുടെ സൈന്യത്തെ അയക്കുന്ന കാര്യമായിരുന്നു. സിറിയൻ അതിർത്തിയിൽ റോമാക്കാരോട് യുദ്ധം ചെയ്യാൻ തിരുനബി(സ) തയ്യാറാക്കിയതാണ് ഈ സൈന്യം. ഈ സൈന്യത്തിന്റെ നേതൃത്വം ഹദ്റത്ത് ഉസാമ(റ)യെ ഏൽപ്പിച്ച്, തിരുനബി(സ) ഹദ്റത്ത് ഉസാമയ്ക്ക് വിശദമായ നിർദേശങ്ങളും നൽകിയിരുന്നു. അതുപോലെ, തിരുനബി(സ)യുടെ അനുഗ്രഹീത കരങ്ങളാൽ ഒരു കൊടിയും കെട്ടിയിരുന്നു. ഈ സൈന്യത്തിൽ ഹദ്റത്ത് അബൂബക്കറും ഉമറും(റ) ഉൾപ്പെടെയുള്ള മഹാന്മാരും ഉൾപ്പെടുന്നു. മുതിർന്ന മുഹാജിറുകളായ സ്വഹാബത്തിനുമേൽ ഈ ബാലനെ അമീറാക്കുന്നുവെന്ന തരത്തിൽ ചിലർ സംസാരിച്ചത് കേട്ടപ്പോൾ റസൂലുല്ലാഹ്(സ)ന് വല്ലാത്ത ദേഷ്യം വന്നു. ഹദ്റത്ത് ഉസാമ(റ) സൈന്യത്തോടൊപ്പം യാത്ര പോകുമ്പോൾ തിരുനബി(സ)ക്ക് അവസാനത്തെ അസുഖം പിടിപെട്ടിരുന്നു. റസൂലുല്ലാഹ്(സ)ന്റെ മരണത്തെത്തുടർന്ന് ഈ സൈന്യം ജുർഫ് അഥവാ സീ ഖുശ്ബിൽ നിന്ന് മദീനയിലേക്ക് മടങ്ങി. ഹദ്റത്ത് അബൂബക്കർ(റ)നു ബൈഅത്ത് ചെയ്തപ്പോൾ, ഉസാമ(റ)ന്റെ കർത്തവ്യം പൂർത്തിയാക്കാൻ ഹദ്റത്ത് അബൂബക്കർ ഉത്തരവിട്ടു. ഉസാമയുടെ സൈന്യത്തിലെ ആരും മദീനയിൽ തുടർന്നില്ല. ഈ സേനയുടെ എണ്ണം മൂവായിരം ആണെന്നും മറ്റൊരു നിവേദനത്തിൽ എഴുന്നൂറ് എന്നും പറയുന്നുണ്ട്. നബി(സ)യുടെ വിയോഗാനന്തരം അറബ് ഗോത്രങ്ങൾക്കിടയിൽ കുഴപ്പങ്ങളും വിശ്വാസത്യാഗവും പടർന്നുപിടിച്ചപ്പോൾ ജൂതന്മാരും ക്രിസ്ത്യാനികളും (ഇസ്‌ലാമിനെ) ഉറ്റു നോക്കുമായിരുന്നു. ഈ സാഹചര്യത്തിൽ ഹദ്റത്ത് അബൂബക്കർ(റ)നോട് ഈ സൈന്യം പുറപ്പെടുന്നത് നിർത്തലാക്കാൻ ഉപദേശിച്ചു. ഹദ്റത്ത് അബൂബക്കർ(റ) അല്ലാഹുവിനെകൊണ്ട് സത്യം ചെയ്തു പറഞ്ഞു: വന്യമൃഗങ്ങൾ എന്നെ കൊത്തിവലിച്ചു ഭക്ഷിക്കുമെന്ന് ഉറപ്പായാൽപോലും ഉസാമയുടെ സൈന്യത്തിന്റെ കാര്യത്തിൽ റസൂലുല്ലാഹ്(സ)ന്റെ തീരുമാനം ഞാൻ നടപ്പാക്കുന്നത് തുടരുന്നതാണ്.

ഉസാമ(റ)ന്റെ സൈന്യത്തെ അയക്കുന്ന പശ്ചാത്തലത്തെപ്പറ്റി ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: തിരുനബി(സ)ന്റെ മരണശേഷം അബുഖഹാഫയുടെ മകൻ ആദ്യം ചെയ്യേണ്ട ജോലി, തിരുനബി(സ) അയക്കാൻ കൽപന നൽകിയിട്ടുള്ള ഉസാമയുടെ സൈന്യത്തെ തടയുക എന്നതാണോ നിങ്ങൾ ആഗ്രഹിക്കുന്നത്. അല്ലാഹുവാണ് സത്യം, ശത്രുസൈന്യം മദീനയിൽ പ്രവേശിക്കുകയും മുസ്‌ലിം സ്ത്രീകളുടെ മൃതദേഹം നായ്ക്കൾ വലിച്ചിഴക്കുകയും ചെയ്താൽപോലും ഈ സൈന്യത്തെ ഒരിക്കലും ഞാൻ തടയില്ല. അബൂബക്കർ(റ)വിൽ ഈ ധൈര്യവും ധീരതയും ജനിച്ചതിന്റെ കാരണം അല്ലാഹു പറഞ്ഞ مُحَمَّدٌ رَّسُوۡلُ اللّٰہِ ؕ وَالَّذِیۡنَ مَعَہٗۤ اَشِدَّآءُ عَلَی الۡکُفَّارِ എന്നതിനാലാണ്. ഒരു നിസാരമായ കമ്പി വൈദ്യുതിയുമായി സംയോജിപ്പിക്കുമ്പോൾ അതിൽ മഹത്തായ ശക്തി സൃഷ്ടിക്കപ്പെടുന്നതുപോലെ തിരുനബി(സ)യുമായുള്ള ബന്ധം കാരണത്താൽ തിരുനബി(സ)യിൽ വിശ്വസിച്ചവർ اَشِدَّآءُ عَلَی الۡکُفَّارِ ന്റെ പ്രതീകങ്ങൾ ആയി മാറിയിരുന്നു.

ഉസാമയുടെ സൈന്യത്തിന്റെ പുറപ്പാടിനെക്കുറിച്ച് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) സിർറുൽഖിലാഫയിൽ പറയുന്നു: റസൂലുല്ലാഹ്(സ) വഫാത്താകുകയും ഈ വാർത്ത മക്കയിലും അതിന്റെ ഗവർണർ അത്താബ് ബിൻ അസീദിലും എത്തിയപ്പോൾ അത്താബ് ഒളിക്കുകയും മക്ക വിറകൊള്ളാൻ തുടങ്ങുകയും ചെയ്തു. അതിലെ നിവാസികൾ മതപരിത്യാഗം ചെയ്യാൻ പോകുകയുമായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ, ഹദ്റത്ത് അബൂബക്കർ(റ) ഉസാമയുടെ സൈന്യത്തെ അയക്കുന്നത് തടയണമെന്നും അഥവാ സൈന്യത്തെ അയക്കുകയാണെങ്കിൽ ഉസാമയേക്കാൾ മുതിർന്ന ഒരാളെ അമീറായി നിയമിക്കണമെന്നും ആളുകൾ ഹദ്റത്ത് ഉമർ(റ)നോട് അഭ്യർത്ഥിച്ചു. ഹദ്റത്ത് ഉമർ(റ) ഇക്കാര്യം ഹദ്റത്ത് അബൂബക്കർ(റ)നോട് പറഞ്ഞപ്പോൾ ഉമറിന്റെ താടിയിൽ പിടിച്ചുകൊണ്ട് പറഞ്ഞു: ഇബ്നു ഖത്താബ് ! നിന്റെ മാതാവിന് നിന്നെ നഷ്ടപ്പെടട്ടെ, അല്ലാഹുവിന്റെ റസൂൽ(സ) അമീറായി നിയമിച്ച ഇദ്ദേഹത്തെ നേതൃത്വത്തിൽ നിന്ന് മാറ്റാൻ നിങ്ങൾ എന്നോട് ആവശ്യപ്പെടുകയാണോ?

ഈ സേനയുടെ വിടവാങ്ങൽ കാഴ്ചയും വളരെ അത്ഭുതകരമായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) നടക്കുമ്പോൾ ഹദ്റത്ത് ഉസാമ(റ) വാഹനത്തിലായിരുന്നു. ഉസാമയോട് അബൂബക്കർ പറഞ്ഞു: ഉചിതമാണെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ, എന്റെ ജോലിയിൽ എന്നെ സഹായിക്കാൻ ഹദ്റത്ത് ഉമർ(റ)നെ വിട്ടുതരിക. ഉസാമ(റ) അതിന് അനുമതി നൽകി. അതിനുശേഷം, ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉസാമയെ കാണുമ്പോഴെല്ലാം പറയുമായിരുന്നു: اَلسَّلَامُ عَلَيْكَ أَيُّهَا الْأَمِيْرُ അല്ലയോ അമീർ, നിങ്ങൾക്ക് സമാധാനം.

ഉസാമയുടെ സൈന്യം പുറപ്പെടുന്ന വേളയിൽ ഹദ്റത്ത് അബൂബക്കർ(റ) അവരെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഞാൻ നിങ്ങൾക്കു 10 ഉപദേശങ്ങൾ നൽകുകയാണ്, നിങ്ങൾ വഞ്ചന നടത്തരുത്, യുദ്ധമുതലിൽ നിന്നും മോഷ്ടിക്കരുത്, വാഗ്ദാനങ്ങൾ ലംഘിക്കരുത്, മൃതദേഹങ്ങൾ വികൃതമാക്കരുത്, കുട്ടികളേയും വൃദ്ധരേയും സ്ത്രീകളേയും വധിക്കരുത്, ഫലവൃക്ഷങ്ങളൊന്നും മുറിക്കരുത്, ആട്, പശു, ഒട്ടകം എന്നിവയെ ഭക്ഷിക്കാനല്ലാതെ അറുക്കരുത്, ജീവിതം അർപ്പണം ചെയ്തിട്ടുള്ള (യഹൂദ, ക്രൈസ്തവ) പുരോഹിതന്മാരെ ഒന്നും ചെയ്യരുത്, ആരെങ്കിലും നിങ്ങൾക്ക് എന്തെങ്കിലും കഴിക്കാൻ തന്നാൽ ബിസ്മില്ലാഹ് ചൊല്ലി അത് ഭക്ഷിക്കുക, മുടി മധ്യഭാഗം വെട്ടി ചുറ്റും വളർത്തിയവരെ കണ്ടാൽ അവരെ വെറുതെ വിടരുത്. ഇവർ മുസ്‌ലീങ്ങൾക്കെതിരെ യുദ്ധത്തിനായി ഇളക്കിവിട്ടവരും യുദ്ധത്തിൽ പങ്കെടുത്തവരുമാ(യ ക്രിസ്ത്യാനികൾ ആ)ണ്.

ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ഉസാമ(റ)നോട് പറഞ്ഞു: നബി(സ) നിങ്ങളോട് ചെയ്യാൻ കൽപ്പിച്ച കാര്യങ്ങളെല്ലാം നിങ്ങൾ ചെയ്യണം. ഈ സൈന്യം റബീഉൽ അവലിന്റെ അവസാനത്തിൽ ആണ് യാത്രയായത്. ഇരുപത് രാത്രിയുടെ യാത്രയ്ക്കുശേഷം ഉബ്നായിലെ ജനങ്ങളെ അപ്രതീക്ഷിതമായി ആക്രമിച്ച് മുൻകാല അതിക്രമങ്ങൾക്ക് പ്രതികാരം ചെയ്യുന്നതിൽ വിജയിച്ചു. വൻതോതിൽ യുദ്ധമുതൽ നേടിയശേഷം, ഹദ്റത്ത് ഉസാമ(റ) മദീനയിലേക്ക് എത്തിയപ്പോൾ, ഹദ്റത്ത് അബൂബക്കർ(റ) മുഹാജിറുകളോടും മദീനക്കാരോടുമൊപ്പം അവരെ സ്വീകരിക്കാനായി പുറത്തുവന്നു.

ഉസാമയുടെ സൈനീക നീക്കത്തിൽ ദൂരവ്യാപകമായ സ്വാധീനങ്ങളുണ്ടാക്കി. കാലത്തിന്റെ ഖലീഫയുടെ തീരുമാനം എത്ര സമയോചിതവും പ്രയോജനപ്രദവുമാണെന്ന് എല്ലാ ആളുകളും മനസ്സിലാക്കി. ഹദ്റത്ത് അബൂബക്കർ(റ)ന് വളരെ ഗഹന വീക്ഷണവും ഉൾക്കാഴ്ച്ചയും ഉണ്ടായിരുന്നുവെന്ന് അവർ മനസ്സിലാക്കി. അറബ് ഗോത്രങ്ങളുടെമേൽ മുസ്‌ലിംകൾ വലിയ പ്രഭാവം ചെലുത്തി. അറബ് അതിർത്തികളിലേക്ക് കണ്ണുംനട്ടിരുന്ന അന്യദേശക്കാർക്ക് മുസ്‌ലിംകൾക്കുമേൽ ഭയപ്പാട് ഉണ്ടായി.

പ്രശസ്ത ബ്രിട്ടീഷ് ഓറിയന്റലിസ്റ്റ് സർ തോമസ് വാക്കർ ആർനോൾഡ് എഴുതുന്നു, സിറിയ, ഇറാൻ, വടക്കേ ആഫ്രിക്ക എന്നിവിടങ്ങളിൽ ഇസ്‌ലാമിനു പ്രാബല്യമുണ്ടാകുകയും പുരാതന പേർഷ്യൻ സാമ്രാജ്യത്തെ അവസാനിപ്പിക്കുകയും റോമൻ സാമ്രാജ്യത്തിന്റെ കീഴിൽ നിന്നും അതിലെ പ്രദേശങ്ങളെ സ്വതന്ത്രമാക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ മഹത്തായ നടപടികളിൽ ഒന്നായിരുന്നു.

ഹദ്റത്ത് അബൂബക്കർ നേരിട്ട വെല്ലുവിളികളിൽ ഒന്ന് സകാത്ത് നിഷേധികളുടെ ഫിത്നയായിരുന്നു.

മതപരിത്യാഗത്തിന്റെ വിവിധ രൂപങ്ങളിലൊന്ന്, ജനങ്ങൾ ഇസ്‌ലാമിൽ നിലനിന്നിരുന്നെങ്കിലും സകാത്തിന്റെ ബാധ്യതയേയും അത് ഖലീഫയ്ക്ക് നൽകാനുള്ള ബാധ്യതയേയും നിഷേധിച്ചു എന്നതാണ്. മുതിർന്ന സ്വഹാബാക്കളുമായി കൂടിയാലോചിച്ചശേഷം ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: അല്ലാഹുവാണേ, സകാത്ത് നിഷേധികളിൽ തിരുനബി(സ)ന്റെ കാലത്ത് സകാത്ത് നൽകിയിരുന്നവർ ഒരു കയർ നൽകാൻ പോലും ഇപ്പോൾ വിസമ്മതിച്ചാൽ ഞാൻ അവരോട് യുദ്ധം ചെയ്യുന്നതാണ്.

സകാത്ത് നിഷേധികളുടെ മനോഭാവവും അവരുമായുള്ള യുദ്ധവും അതിന്റെ അനന്തരഫലങ്ങളും തുടർന്നു പരാമർശിക്കുന്നതാണ്.

ഇന്ന് വീണ്ടും ലോകത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് പറഞ്ഞു ദുആ ചെയ്യാൻ ആവശ്യപ്പെടുകയാണ്. അല്ലാഹു ഇരുപക്ഷത്തുമുള്ള ഭരണകൂടങ്ങൾക്ക് ബുദ്ധി നൽകട്ടെ. മനുഷ്യരുടെ രക്തം ചിന്താതിരിക്കട്ടെ, അതിൽ നിന്ന് ഇവരെ തടയുകയും ചെയ്യട്ടെ. ഈ (യുദ്ധം ചെയ്യുന്ന) ആളുകൾ എങ്ങനെ ഒന്നായിത്തീർന്നുവെന്ന് ഈ യുദ്ധത്തിൽ നിന്ന് നാം മുസ്‌ലിംകൾ പാഠം പഠിക്കണം. എന്നാൽ ഒരേ കലിമ ചൊല്ലിയിട്ടും മുസ്‌ലിംകൾ ഒരുമിക്കുന്നില്ല. ഇറാഖിനെയും സിറിയയെയും തകർത്തു. യമനെ തകർത്തുകൊണ്ടിരിക്കുന്നു. ഒരുമിക്കുന്നതിനു പകരം മറ്റുള്ളവരെക്കൊണ്ടും ചെയ്യിപ്പിക്കുന്നു; സ്വയവും നശിപ്പിക്കുന്നു. മുസ്‌ലിംകൾ ഈ ഒത്തൊരുമയിൽ നിന്ന് പാഠം പഠിക്കണം. അല്ലാഹു മുസ്‌ലിം രാഷ്ട്രത്തോടും മുസ്‌ലിംകളോടും മുസ്‌ലിം ഉമ്മത്തിനോടും കരുണ കാണിക്കട്ടെ. ഈ കാലഘട്ടത്തിൽ ഈ ഉദ്ദേശ്യത്തിനായി അല്ലാഹു അയച്ചിട്ടുള്ള കാലത്തിന്റെ ഇമാമിനെ ഇവർ അംഗീകരിക്കുന്നവർ ആയിത്തീരുമ്പോൾ മാത്രമേ അവർക്കതു സാധ്യമാകുകയുള്ളൂ. അല്ലാഹു ബുദ്ധിയും വിവേകവും നൽകട്ടെ, തങ്ങളുടെ സാഹചര്യങ്ങളെ ശരിയാക്കാൻ പോകുന്ന ലോകത്തിനായി ദുആ ചെയ്യുക. തന്റെ മാർഗങ്ങൾ ഉപയോഗിച്ച് ലോകത്തെ യുദ്ധങ്ങളിൽ നിന്ന് തടയുന്നവരായിത്തീരട്ടെ. സ്വയം യുദ്ധങ്ങളിൽ ഭാഗഭാക്കാകാതിരിക്കട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ലാഹോറിലെ സഫർ ഇഖ്ബാൽ ഹാശ്മി സാഹിബിന്റെ ഭാര്യ സയ്യിദഃ ഖൈസറ സഫർ ഹാശ്മി സാഹിബയെ അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു. മർഹൂമ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് സയ്യിദ് മുഹമ്മദ് അലി ബുഖാരി സാഹിബിന്റെ പൗത്രിയായിരുന്നു. അവർ ജമാഅത്തിന്റെ പ്രവർത്തകയും ഇബാദത്തുകളിൽ കൃത്യതയുള്ളവരും ദുആ ചെയ്യുന്നവരും ആതിഥ്യമരുളുന്നവരും, വളരെ ക്ഷമയും നന്ദിയുള്ളവരുമായിരുന്നു. കുടുംബത്തിൽ ഭർത്താവും അഞ്ച് ആൺമക്കളും ഒരു മകളും ഉണ്ട്. ഇവരുടെ മകൻ മഹമൂദ് ഇഖ്ബാൽ ഹാശ്മി ലാഹോർ ജയിലിൽ യുദ്ധത്തടവുകാരനാണ്. ജയിലിൽ നിന്ന് പുറത്തുപോകാൻ അദ്ദേഹത്തെ അനുവദിച്ചില്ല. എന്തായാലും, ഉമ്മയുടെ ജനാസ ജയിലിലേക്ക് കൊണ്ടുപോയി അവസാന ദർശനത്തിന് അനുമതി നൽകി ഭരണകൂടം അവരോടു മാന്യമായി പെരുമാറി. അല്ലാഹു മോചനത്തിനുള്ള മാർഗങ്ങൾ എത്രയും വേഗം ഉണ്ടാക്കട്ടെ.

അവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 11.03.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**